ഉത്തരം

(എ) ഈ കാലയളവിൽ ഐ. ആർ. ഡി. പി., എൻ. ആർ.ഇ. പി: ആർ. എൽ. ഇ. ജി. പി., സി. ഡി. സ്കീം എ. എൻ. പി. തുടങ്ങിയ പദ്ധതികൾക്കായി പുളിമാത്ത് പഞ്ചായത്തിൽ 10.10 ലക്ഷം രൂപ ചെല വഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിൽ 62 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനു പുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്കും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇരുപതിന പരിപാടിയനുസരിച്ച് മടവൂർ പഞ്ചായത്തിൽ ചെലവാക്കിയ തുക

1389. [2075] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇരുപതിനപരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ മടവൂർ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കി യിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്ക് കിട്ടിയിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., സി. ഡി. സ്കീം എ. എൻ. പി. തുടങ്ങിയ പദ്ധതികൾക്കായി ഈ കാലയളവിൽ പുളിമാത്ത് പഞ്ചായത്തിൽ 8.68 ലക്ഷം രൂപ ചെലവഴി ച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 361 പേർക്ക് കിട്ടിയി ട്ടുണ്ട്. ഇതിനു പുറമേ ഈ പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പൊതു വായും പ്രയോജനം ലഭിച്ചിട്ടുണ്ട്.

ഇരുപതിനപരിപാടിയനുസരിച്ച് പഴയകുന്നുംമേൽ പഞ്ചായത്തിൽ ചെലവഴിച്ച തുക

1390. [2076] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ഇരുപതിനപരിപാടിയനുസരിച്ച് 1982 ഏപ്രിൽ ഒന്നുമുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ പഴയകുന്നുംമേൽ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എത്ര തുക ചിലവാക്കിയി ട്ടുണ്ട് എന്നു വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്ക് കിട്ടിയിട്ടു ണ്ടെന്നു വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly